അദ്ധ്യായം നൂറ്റിപന്ത്രണ്ട്

# അൽ ഇഖ്ലാസ്വ് (നിഷ്കളങ്കത)

അവതരണം മക്കയിൽ, വചനങ്ങൾ 4

## അദ്ധ്യായ പരിചയം:

ഏകദൈവത്തെ സമഗ്രമായി പ്രതിപാദിക്കുന്ന അദ്ധ്യായമാണിത്. വിശുദ്ധ ഖുർആനിൻെറ അദ്ധ്യാപനങ്ങളിൽ ഏറിയ ഭാഗവും ഏകദൈവത്തെ പരിചയപ്പെടുത്താനാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ തന്നെ നാല് സൂക്തങ്ങളുള്ള ഈ അദ്ധ്യായം ഖുർആനിൻെറ മൂന്നിൽ ഒന്നായാണ് പരിഗണിക്കുന്നത്.

മക്കയിലെ ഖുറൈശികൾ പ്രവാചകൻ മുഹമ്മദി(സ)നോട് നിൻെറ ദൈവത്തെ ഞങ്ങൾക്ക് ഒന്ന് പരിചയപ്പെടുത്തിത്തരണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഈ അദ്ധ്യായം അവതരിച്ചത്. ചോദ്യകർത്താക്കളെ സംബന്ധിച്ചിടത്തോളം അവരുടെ ആരാധ്യന്മാരെ അവർ ദിനേന ദർശിക്കുന്നവരായിരുന്നു. അത് കല്ലിൽനിന്നുള്ളതായാലും സ്വർണം കൊണ്ടുള്ളതായാലും മരം കൊണ്ടുള്ളതായാലും ശരി. എന്നാൽ മുഹമ്മദിൻെറ ആരാധ്യൻ എങ്ങനെയുള്ളതാണെന്ന് അറിയാൻ അവർക്ക് ജിജ്ഞാസയുണ്ടായിരുന്നു. അതിനാലാണ് അവർ, നിൻെറ ദൈവത്തെപ്പറ്റി ഞങ്ങൾക്ക് വിശദീകരിച്ചുതരണമെന്ന് പ്രവാചകനോട് ആവശ്യപ്പെട്ടത്.

ഈ അദ്ധ്യായത്തിൻെറ അവതരണ കാരണമായി പല സംഭവങ്ങളും ഉദ്ധരിക്കുന്നുണ്ട്. ഫലത്തിൽ അവയൊക്കെ ഏകദൈവത്തിൻെറ അസ്തിത്വവുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാലാണ് എല്ലാ അന്വേഷണങ്ങൾക്കും മറുപടിയാകുന്ന തരത്തിൽ ഈ ഒരുത്തരം നല്കിയത്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

قُلْ هُوَ ٱللَّهُ أَحَدٌ ﴿١﴾ ٱللَّهُ ٱلصَّمَدُ ﴿٢﴾ لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾ وَلَمْ يَكُن
لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾

## അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. പറയുക: അവൻ അല്ലാഹു, ഏകനാണ്.
2. അല്ലാഹു പരാശ്രയമുക്തനാണ്, സർവരാലും ആശ്രയിക്കപ്പെടുന്നവനുമാകുന്നു.
3. അവൻ (ആരുടെയും സന്താനമായി) ജനിച്ചിട്ടില്ല. അവൻ (സന്താനത്തെ) ജനിപ്പിച്ചിട്ടുമില്ല.
4. അവനു തുല്യനായി ആരുമില്ല.

## വിശദീകരണം:

അല്ലാഹു എന്ന പദം അവിശ്വാസികളായ മക്കക്കാർക്ക് സുപരിചിതമായിരുന്നു. ആരാധ്യൻ (ഇലാഹ്) എന്ന നാമം അവർ പൊതുവെ എല്ലാ ദൈവങ്ങൾക്കും ഉപയോഗിച്ചിരുന്നെങ്കിലും അല്ലാഹു എന്ന നാമം അവനല്ലാത്തതിനൊന്നും അവർ ഉപയോഗിച്ചിരുന്നില്ല. അതുകൊണ്ടാണ് അവരുടെ ചോദ്യത്തിന് ഉത്തരമേകാൻ അതേ വാക്കുതന്നെ ഖുർആൻ പ്രയോഗിച്ചത്. നിൻെറ അല്ലാഹു ആരാണ്, എന്തിൽനിന്നാണവനെ സൃഷ്ടിച്ചത്, ആരാണ് അവനെ സൃഷ്ടിച്ചത്, അവൻെറ വംശമേത് എന്നൊക്കെയായിരുന്നല്ലോ അവരുടെ ചോദ്യം. അതുകൊണ്ട് അവരോട് പറയുന്നു, നിങ്ങൾ അത്യപൂർവവിപൽഘട്ടങ്ങളിൽ വിളിച്ചുപ്രാർഥിക്കുന്ന, നിങ്ങൾക്ക് പരിചിതനായ, ദൈവങ്ങളുടെ ദൈവമായ ആ അല്ലാഹുവെ തന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അവൻ മാത്രമാണ് ഏകദൈവം. ദിവ്യത്വത്തിൽ അവനെക്കൂടാതെ മറ്റാർക്കും പങ്കില്ല. പ്രപഞ്ചത്തിൻെറ നാഥനായതിനാൽ അവൻ മാത്രമാണ് അവയെ സംരക്ഷിക്കുന്നവനും പരിപാലിക്കുന്നവനും. അതിലൊന്നും ആർക്കും അല്പം പോലും പങ്കില്ല. അവൻ എന്നെന്നും ഉണ്ടായിരുന്നു. ഉണ്ടാവുകയും ചെയ്യും. അവന് വംശമോ വർഗമോ ഇല്ല. അതിനാൽ അവന് സന്താനമില്ല, അവൻ ആരുടെയും സന്തതിയുമല്ല. പ്രപഞ്ചത്തിൽ ആരെ

യും ആശ്രയിക്കേണ്ട ആവശ്യം അവനില്ല. അവൻ അതിൽനിന്നെല്ലാം സ്വയംപര്യാപ്ത നാണ്. അവനെക്കൂടാതെയുള്ള സൃഷ്ടികളൊക്കെ അവനെ ആശ്രയിച്ചു ജീവിക്കുന്നവയാണ്. എല്ലാറ്റിൻെറയും ആശ്രയം അവനായതു പോലെ അവയുടെയൊക്കെ മടക്കവും അവനിലേക്കാണ്. അവൻെറ സത്ത ഒന്നിലും ലീനമല്ല, വിഭജിക്കാനാകുന്നതുമല്ല. അതിനാൽ, ദൈവത്തിന് അംശങ്ങളുണ്ടെന്ന നിങ്ങളുടെ അവകാശവാദം ശരിയല്ല. മാത്രവുമല്ല, പ്രപഞ്ചത്തിൽ അവന് തുല്യരായി ഒന്നുമില്ല താനും.